**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5546** **05-07-2024 - ൽ മറുപടിയ്ക്ക്**

**ഫാം നവീകരിക്കുന്നതിനായെടുത്ത ബാങ്ക് വായ്പയ്ക്ക് പലിശയിളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീര കർഷകർക്ക് അവരുടെ ഫാം ആധുനികവൽകരിക്കുന്നതിനും നവീകരിക്കുന്നതിനുമായി എടുത്ത ബാങ്ക് ലോൺ തുകയ്ക്ക് പൂർണ്ണമായും പലിശ ധനസഹായമായി നൽകുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ക്ഷീരകർഷകർക്ക് ഡെയറി ഫാം സ്ഥാപിക്കുന്നതിനും നിലവിലുള്ള അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും ഫാം യന്ത്രവൽക്കരണം, ആധുനിക വൽക്കരണ, കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ TMR സൈലേജ് നിർമ്മാണ യൂണിറ്റ്, വാണിജ്യാടിസ്ഥാനത്തിലുള്ള തീറ്റപ്പുൽകൃഷി, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമാമാണം എന്നിവയ്ക്കായി ബാങ്ക് വായ്പ എടുത്തിട്ടുള്ള ക്ഷീരകർഷകർക്ക് ബാങ്ക് ഈടാക്കുന്ന പലിശയ്ക്ക് തത്തുല്യമായി തുക സബ്സിഡി ഇനത്തിൽ നൽകുന്നതിനായി ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ' Project Based Bank Interest Subvention Scheme for establishing dairy farms and for automation/ Modernisation of existing dairy farms' . പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ വ്യക്തികളോ, സംരംഭകരോ, SHG, JLG മറ്റ് രജിസ്റ്റേർഡ് ഗ്രൂപ്പുകൾ എന്നിവരാണ്. വ്യക്തിഗത ഗുണഭോക്താക്കൾക്കാണ് മുൻഗണന. കർഷകർക്ക് ഏറെ പ്രയോജനപ്രദമായ ഈ പദ്ധതി 2022-23 ൽ ആരംഭിക്കുകയും ക്ഷീരവികസന യൂണിറ്റുകൾ മുഖേന അപേക്ഷ ക്ഷണിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. ഗുണഭോക്തൃ പട്ടികയുടെ അന്തിമ അംഗീകാരം നൽകുന്നത് ക്ഷീരവികസന വകുപ്പ് ഡയറക്ടറാണ്. 2024-25 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി ഒരു കോടി 80 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 01/03/2024 മുതൽ 28/02/2025 വരെ ദേശസാൽകൃത ബാങ്കുകളിൽ നിന്നോ,ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നോ, കേരള ബാങ്ക് എന്നിവയിൽ നിന്നോ പ്രസ്തുത ആവശ്യത്തിനായി വായ്പ എടുത്തിട്ടുള്ള ക്ഷീരകർഷകർക്ക് പദ്ധതി ആനുകൂല്യത്തിനായി അപേക്ഷിക്കാവുന്നതാണ്. ഒരു ഗുണഭോക്താവിനു / സംരംഭകനു/ ഗ്രൂപ്പുകൾക്ക് പരമാവധി 5 |

| | | | |
|---|---|---|---|
| | | | വർഷത്തേയ്ക്കാണ് പലിശയിളവ് അനുവദിച്ചു നൽകുവാൻ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഒരു സംരംഭകന് ഒരു വർഷത്തേക്ക് പരമാവധി 3 ലക്ഷം രൂപ വരെ പലിശയിളവ് അനുവദിച്ചു നൽകുന്നതായിരിക്കും. ജില്ലതലത്തിൽ Lead Bank, NABARD എന്നിവയുടെ മേൽനോട്ടവും സാങ്കേതിക സഹകരണവും ഈ പദ്ധതിയ്ക്കുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് ഈ പദ്ധതിയുടെ ഗുണം ലഭിച്ചിട്ടുണ്ടെന്നും എത്ര രൂപ ധനസഹായമായി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 17 ഗുണഭോക്താക്കൾക്കായി 18.91 ലക്ഷം രൂപ പലിശ ഇനത്തിൽ ഇളവ് ചെയ്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ